# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**


---


**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 15 വെള്ളി**


---

# കനത്ത ചൂട് : വെയിലത്ത് പാർക്ക് ചെയ്യുന്ന കാറുകളിൽ കുട്ടികളെ തനിച്ചിരുത്തി പോകരുത്

ആലപ്പുഴ: അന്തരീക്ഷതാപം ക്രമാതീതമായി ഉയർന്നിരിക്കുന്നതിനാൽ സൂര്യതാപമേറ്റുള്ള പൊള്ളൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ജില്ലയിലെ ചില സ്ഥലങ്ങളിൽ നിന്നും സൂര്യതാപം റിപ്പോർട്ട് ചെയ്യപ്പെട്ടതിനാലും ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ല മെഡിക്കൽ ഓഫീസർ അറിയിച്ചു. കാറും മറ്റും വെയിലത്ത് പാർക്കുചെയ്യുകയാണെങ്കിൽ കുട്ടികളെ തനിച്ചാക്കി ലോക്ക് ചെയ്ത് പോകരുത്. ഇത്തരം ചെറിയ കാര്യങ്ങൾ വരെ വലിയ അപകടങ്ങളിലേക്ക് വഴിവയ്ക്കാം.

**ശ്രദ്ധിക്കേ കാര്യങ്ങൾ**

വേനൽക്കാലത്ത്, പ്രത്യേകിച്ച് ചൂടിന് കാഠിന്യം കൂടുമ്പോൾ ധാരാളം വെള്ളം കുടിക്കുക. ദാഹംതോന്നിയില്ലെങ്കിൽപ്പോലും ഓരോ മണിക്കൂർ കഴിയുമ്പോഴും രണ്ട് -നാല് ഗ്ലാസ്സ്വെള്ളം കുടിക്കുക. ധാരാളം വിയർപ്പുള്ളവർ ഉപ്പിട്ട കഞ്ഞിവെള്ളവും ഉപ്പിട്ട നാരങ്ങാവെള്ളവും കുടിയ്ക്കുക. കട്ടികുറഞ്ഞ വെളുത്തതോ, ഇളം നിറത്തിലുള്ളതോ ആയ വസ്ത്രങ്ങൾ ധരിക്കുക. ശക്തിയായ വെയിലത്ത് ജോലി ചെയ്യുമ്പോൾ ഇടയ്ക്കിടെ തണലത്തേക്ക് മാറി നിൽക്കുകയും വെള്ളം കുടിയ്ക്കുകയും ചെയ്യുക.

കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കാതിരിക്കുക. ചൂട്കൂടുതലുള്ള അവസരങ്ങളിൽ കഴിവതും വീടിനകത്തോ മരത്തണലിലോ വിശ്രമിക്കുക. പ്രായാധിക്യമുള്ളവരുടെയും കുഞ്ഞുങ്ങളുടെയും മറ്റ്രോഗങ്ങൾക്ക് ചികിത്സയെടുക്കുന്നവരുടെയും ആരോഗ്യകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. വീടിനകത്ത് ധാരാളംകാറ്റ് കടക്കുന്ന രീതിയിലും വീടിനകത്തെ ചൂട് പുറത്ത് പോകത്തക്ക രീതിയിൽ വാതിലുകളും ജനലുകളും തുറന്നിടുക. മദ്യപാനവും, ചായ, കാപ്പി, കൊക്കക്കോള പോലുള്ള പാനീയങ്ങൾ എന്നിവയും ഒഴിവാക്കുക.

**സൂര്യാഘാതത്തിന്റെസംശയംതോന്നിയാൽ ചെയ്യേണ്ടത്**

ജോലിചെയ്തുകൊണ്ടിരിക്കുന്ന വെയിലുള്ളസ്ഥലത്തു നിന്ന് തണുത്ത സ്ഥലത്തേക്ക് മാറുക, തണുത്ത വെള്ളംകൊണ്ട് ശരീരംതുടയ്ക്കുക, വീശുക, ഫാൻ, എ.സി തുടങ്ങിയവയുടെ സഹായത്താൽ ശരീരം തണുപ്പിക്കുക. ധാരാളം വെള്ളം കുടിയ്ക്കുക. കട്ടികൂടിയ വസ്ത്രങ്ങൾ മാറ്റുക, കഴിയുന്നതും വേഗം ഡോക്ടറുടെഅടുത്ത് എത്തിക്കുക എന്നിവ ശ്രദ്ധിക്കണം.

# പുകയിലനിരോധന നിയമം ജില്ലയിൽ ശക്തമാക്കും

ആലപ്പുഴ:പുകയില നിരോധന നിയമം ജില്ലയിൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളും മറ്റുസ്ഥാപനങ്ങളും പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ നോട്ടീസ് മാർച്ച് 18 മുതൽ മാർച്ച് 30 വരെയുള്ള തീയതികളിൽ ആരോഗ്യവകുപ്പ് ഫീൽഡ് തല ജീവനക്കാർ വിതരണം ചെയ്യും. നോട്ടീസിൽ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള സമയപരിധിക്കുള്ളിൽ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ പുകയില നിരോധന നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്. എല്ലാസ്ഥാപനങ്ങളും പ്രസ്തുത പരിപാടിയുമായി സഹകരിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

**പ്രധാന നിർദ്ദേശങ്ങൾ**

പൊതുസ്ഥലത്ത് പുകവലി ശിക്ഷാർഹമാണ്. വിദ്യാഭ്യാസസ്ഥാപനത്തിന്റെ 100 വാര അല്ലെങ്കിൽ 91.4 മീറ്റർ ചുറ്റളവിൽ യാതൊരുവിധ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും ശിക്ഷാർഹമാണ്. നിയമാനുസൃതമല്ലാത്ത പരസ്യബോർഡ് സ്ഥാപിക്കുന്നത് ശിക്ഷാർഹമാണ്. നിയമാനുസൃതമായ ആരോഗ്യ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിരിക്കേതാണ്. ബോർഡുകൾ സ്ഥാപിക്കേണ്ടത് ഉടമയുടെ കടമയാണ്. പുകയില ഉൽപന്നങ്ങൾ വിൽപന നടത്തുന്ന കടകളിൽ തീപ്പെട്ടി പൊട്ടിച്ചിടുന്നത്, ആഷ്ട്രേ ലഭ്യമാക്കുന്നത്, ലൈറ്റർ കെട്ടിത്തൂക്കുന്നത്, കയർ കത്തിച്ചിടുന്നത് എന്നിവ കുറ്റകരമാണ്. ഏതെങ്കിലും കടയുടെയോ സ്ഥാപനത്തിന്റെ മുന്നിലോ ആരെങ്കിലും പുകവലിച്ചാൽ എത്രപേരാണോ പുകവലിക്കുന്നത് അത്രയും പേർക്ക് ഓരോരുത്തർക്കും നിയമാനുസൃതമായ പിഴയും ഇതിന്റെ ആകെ തുക പിഴയായി ഉടമസ്ഥന്റെ പേരിൽ ചുമത്തുന്നതുമാണ്.നിയമാനുസൃതമായ ആരോഗ്യ മുന്നറിയിപ്പ് ഇല്ലാത്ത പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ശിക്ഷാർഹമാണ്.ഈ നിർദ്ദേശങ്ങൾ പാലിക്കാത്തവർക്ക് 200 രൂപ മുതൽ 10,000 രൂപ വരെ പിഴയും രണ്ടുവർഷം വരെ തടവും കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്ന പക്ഷം ഇരട്ടി ശിക്ഷ ലഭിക്കുന്നതുമാണ്.

# ആർ.ആർ കുടിശിക ലേലം 26ന്

ആലപ്പുഴ:റവന്യൂ റിക്കവറി കുടിശിക ഈടാക്കുന്നതിനായി അമ്പലപ്പുഴ താലൂക്കിലെ മുല്ലയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം.27ൽ റീസർവ്വേ 56ൽപെട്ട 14.10 ആർസ് പുരയിടവും അതിൽ നിൽപ് കെട്ടിടവും ഈ മാസം 26ന് മുല്ലയ്ക്കൽ വില്ലേജാഫീസിൽ രാവിലെ 11ന് പരസ്യമായി ലേലം ചെയ്യും.

# ഡി.സി.എ. കോഴ്സ്:

# അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ അടൂർ സബ് സെന്ററിൽ ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു/ഡിപ്ലോമ പാസായവർക്കായി ആറു മാസത്തെ ഡി.സി.എ.(എസ്), കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. എസ്.സി/ എസ്.റ്റി./ ഒ.ഇ.സി. വിദ്യാർത്ഥികൾ ഫീസ് അടയ്ക്കേണ്ടതില്ല. വിശദവിവരത്തിന് എൽ.ബി.എസ്. സബ് സെന്ററുമായി ബന്ധപ്പെടുക. ഫോൺ: 9947123177.

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ ആർ.ഒ. പ്ലാന്റ് റിപ്പയറിങ്ങിനും ആർ.ഒ പ്ലാന്റ് റിപ്പയർ ചെയ്യുന്നതിനാവശ്യമായ സ്പെയർ പാർട്ട്സ് വിതരണം ചെയ്യുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ മാർച്ച് 28ന് ഉച്ചയ്ക്ക് ഒന്നു വരെ സ്വീകരിക്കും. ക്വട്ടേഷൻ പ്രിൻസിപ്പൽ, ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരത്തിന് ഫോൺ: 0477-2282015.

# ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്: അഭിമുഖം

ആലപ്പുഴ: മുൻസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർ ഗ്രേഡ് രണ്ട് (കാറ്റഗറി നമ്പർ 571/14) തസ്തികയുടെ തിരഞ്ഞെടുപ്പിനായുള്ള കോമൺ അഭിമുഖം മാർച്ച് 20, 21, 22, 27,28 തീയതികളിൽ ആലപ്പുഴ ജില്ല പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾക്ക് എസ്.എം.എസ്. പ്രൊഫൈൽ സന്ദേശം നൽകിട്ടുണ്ട്. ഉദ്യോഗാർഥികൾ പ്രൊഫൈൽ നിന്നും ഡൗൺലോഡ് ചെയ്ത അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്തും സമയത്തും അഭിമുഖത്തിന് ഹാജരാകണം.